# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 26 | 2019 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ്-1


ഫോൺ : 04735-202664

www.sabarimal.kerala.gov.in, prdsabarimala2020@gmail.com


---

# *ശബരിമല വരുമാനം 156കോടി രൂപ കവിഞ്ഞു*

**** കഴിഞ്ഞ വർഷത്തെക്കാൾ 51 കോടി രൂപയുടെ വർധന***
**** തിരുപ്പതി മാതൃകയിൽ നാണയങ്ങൾ തൂക്കിത്തിട്ടപ്പെടുത്തും***

ഈ മണ്ഡലകാലത്തെ ശബരിമലയിലെ വരുമാനം കഴിഞ്ഞ 156 കോടി രൂപ കവിഞ്ഞതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. എൻ. വാസു സന്നിധാനത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു. കഴിഞ്ഞ 39 ദിവസത്തെ കണക്കുപ്രകാരം 156,60,19,661 രൂപയണ്. ഇനിയും എണ്ണിത്തിട്ട പ്പെടുത്താത്ത നാണയങ്ങൾകൂടി എണ്ണിക്കഴിയുന്നതോടെ വരുമാനത്തുക ഇനിയും വർധിക്കും. കഴിഞ്ഞവർഷം ഇതേ ദിവസംവരെ വരുമാനം 105,29,88,864 രൂപയായിരുന്നു. ഇതേ കാലയളവിൽ ഏറ്റവും കൂടുതൽ ഇത്രയുംകാലം വരുമാനം രേഖപ്പെടുത്തിയത് 2017-ൽ ആയിരുന്നു. ആ വർഷം 39 ദിവസങ്ങളിലായി 164,03,89,374 രൂപ ലഭിച്ചിരുന്നു. ഇപ്രാവശ്യം ഇ നിയും എണ്ണിത്തിട്ടപ്പെടുത്താത്ത നാണയങ്ങളുടെ കണക്കുകൂടി

ലഭിക്കുമ്പോൾ 2017-ലെ വരുമാനത്തിൽനിന്ന് വലിയ കുറവുണ്ടാകില്ലായെന്ന് പ്രതീക്ഷിക്കുന്നതായി അദ്ദേഹം പറഞ്ഞു. തിരുപ്പതി മാതൃകയിൽ ഒരേ മൂല്യ മുള്ള നാണയങ്ങൾ തൂക്കം കണക്കാക്കി എണ്ണിത്തിട്ടപ്പെടുത്തുന്ന നടപടികൾ തുടങ്ങിക്കഴിഞ്ഞതായും അദ്ദേഹം പറഞ്ഞു.

സന്നിധാനത്ത് പ്രവർത്തിച്ചിരുന്ന എൻജിനീയേഴ്സ് പിൽഗ്രിം സെന്റർ ദേവസ്വം ബോർഡ് ഏറ്റെടുത്തതായും അദ്ദേഹം പറഞ്ഞു.

കഴിഞ്ഞ രണ്ടുദിവസമായി പോലീസ് ഏർപ്പെടുത്തിയ ചില നിയന്ത്രണങ്ങൾ ഭക്തർക്ക് നേരിയ വിഷമങ്ങളുണ്ടാക്കി. ശബരിമലയുമായി ബന്ധപ്പെട്ട പോലീസിന്റെ ക്രമീകരണങ്ങൾ ദേവസ്വം ബോർഡ് അവരുമായി ചർച്ച ചെയ്ത് സമവായത്തിലെത്തും. ദേവസ്വം സുരക്ഷാ ജീവനക്കാരുടെ എണ്ണം വർധിപ്പിക്കുന്നതിനായി ബോർഡ് കൂടുതൽ നിയമനങ്ങൾ പരിഗണിക്കും. ബോർഡിന് ഇപ്പോൾ 100 സുരക്ഷാ ജീവനക്കാരാണ് ഉള്ളത്. സന്നിധാനത്ത് ഉൾപ്പടെ സേവനത്തിന് കൂടുതൽ ദേവസ്വം സുരക്ഷാ ജീവനക്കാർ വേണമെന്നാണ് ദേവസ്വം ബോർഡ് ആഗ്രഹിക്കുന്നത്. ശബരിമലയുമായി ബന്ധപ്പെട്ട് തീർഥാടകർക്ക് സൗകര്യങ്ങൾ ലഭ്യമാക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കും ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ എല്ലാ സഹായങ്ങളും നൽകുന്നതായും ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. എൻ വാസു പറഞ്ഞു.

ദേവസ്വം ബോർഡ് അംഗങ്ങളായ അഡ്വ. കെ.എസ്. രവി, അഡ്വ. എൻ. വിജയകുമാർ, ദേവസ്വം കമ്മീഷണർ ബി.എസ്. തിരുമേനി, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ സുധീഷ്കുമാർ, എക്സിക്യൂട്ടീവ് ഓഫീസർ വി.എസ്. രാജേന്ദ്രപ്രസാദ് തുടങ്ങിയവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

(പി.ആർ. ശബരി-236)

## ഏറ്റവും കൂടുതൽ വരുമാനം അരവണ വിൽപ്പനയിലൂടെ

ഈ മണ്ഡലകാലത്ത് ശബരിമലയിൽ ഇതുവരെ ലഭിച്ച 156,60,19,661 രൂപ യിൽ, അരവണയുടെ വിൽപ്പനയിലൂടെയാണ് ദേവസ്വം ബോർഡിന് ഏറ്റവും കൂടുതൽ വരുമാനം ലഭിച്ചിരിക്കുന്നത്. അരവണയുടെ വിൽപ്പനയിലൂടെ ഇപ്രാവശ്യം 67,76,87,780 രൂപ ലഭിച്ചു. കഴിഞ്ഞവർഷം ഇത് 40,98,91,175 രൂപയായിരുന്നു. കാണിക്കയായി ഇപ്രാവശ്യം എണ്ണിത്തിട്ടപ്പെടുത്തിയത് 53,14,59,095 രൂപയാണ്. കഴിഞ്ഞവർഷം കാണിക്ക ഇനത്തിൽ ലഭിച്ച വരുമാനം 42,33,75,166 രൂപയായിരുന്നു. അപ്പം ഇനത്തിൽ ഈ വർഷം ഇതുവരെ ലഭിച്ചത് 9,86,76,620 രൂപയാണ്. അപ്പം ഇനത്തിൽ കഴിഞ്ഞവർഷം ഇതേ സമയത്ത് ലഭിച്ചത് 3,88,13,180 രൂപയായിരുന്നു. അർച്ചനയിനത്തിൽ 9,00,175 രൂപയും പഞ്ചാമൃതം വിൽപ്പനയിൽ 26,17,600 രൂപയും ലഭിച്ചു.

(പി.ആർ. ശബരി-237)

## ഭക്തരുടെ എണ്ണത്തിൽ വൻ വർധന; മകരവിളക്ക് തീർഥാടനത്തിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു

ഈ വർഷത്തെ തീർഥാടനകാലം ഇതുവരെ സമാധാനപരമായിരുന്നുവെന്നും തീർഥാടകരുടെ വരവിന്റെ എണ്ണത്തിൽ കഴിഞ്ഞവർഷത്തേക്കാൾ വലിയ വർധന ഉണ്ടായിട്ടുണ്ടെന്നും ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. എൻ. വാസു പറഞ്ഞു. മകരവിളക്ക് തീർഥാടനത്തിനുവേണ്ട എല്ലാ മുന്നൊരുക്കങ്ങളും ദേവസ്വംബോർഡ് ഇതിനകം സ്വീകരിച്ചതായും അദ്ദേഹം പറഞ്ഞു.

കഴിഞ്ഞവർഷം സംഘർഷമെന്ന പ്രതീതി കാരണം തീർഥാടകരുടെ എണ്ണത്തിൽ കുറവുണ്ടായി. തീർഥാടനകാലം തുടങ്ങുന്നതിന് ഒരുദിവസം മുൻപാണ് പുതിയ ബോർഡ് ഭരണം ഏറ്റെടുത്തത്. ശർക്കരയുടെ ലഭ്യതയിൽ ഉൾപ്പടെ പ്രശ്നങ്ങൾ ഉണ്ടായപ്പോൾ അവ യഥാസമയം പരിഹരിക്കാൻ കഴിഞ്ഞു. ഇപ്രാവശ്യം അരവണയുടെയോ, അപ്പത്തിന്റെയോ കുറവ് തീർഥാടനകാലത്ത് ഭക്തർക്ക് അനുഭവപ്പെട്ടില്ല.

മകരവിളക്ക് തീർഥാടനകാലത്തിന് മുന്നോടിയായി 15 ലക്ഷം അരവണ സ്റ്റോക്ക് ചെയ്യും. ഇതിനായി രണ്ടരലക്ഷം മുതൽ മൂന്നരലക്ഷം പായ്ക്കറ്റ് അരവണ ദിവസവും നിർമിക്കും.

മകരവിളക്ക് തീർഥാടനകാലത്ത് നിയോഗിക്കപ്പെടുന്ന ജീവനക്കാരുടെ ക്രമീകരണങ്ങളായി. കുടിവെള്ള വിതരണം കൂടുതൽ കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കും. ഇതിനായി ശാസ്താംകോട്ട ദേവസ്വം ബോർഡ് കോളജിലെ 60 എൻ.എസ്.എസ് വോളന്റീയർമാർ സന്നദ്ധത അറിയിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

(പി.ആർ. ശബരി-238)

## ശബരിമല ധർമ്മശാസ്താവിന് മണിഓഡർ 80000 രൂപ

ശബരിമല ധർമ്മശാസ്താവ് ശബരിമല എന്ന മണിഓഡർ വിലാസത്തിൽ അയ്യപ്പസമക്ഷം ഈ തീർഥാടനകാലം 39 ദിവസം പിന്നിടുമ്പോൾ ദേവസ്വം ബോർഡിന് ലഭിച്ചത് 80,580 രൂപ. മണ്ഡല-മകരവിളക്ക് തീർഥാടനകാലത്ത് മാത്രം സന്നിധാനത്ത് പ്രവർത്തിക്കുന്ന പോസ്റ്റോഫീസിലാണ് മണിഓഡർ

എത്തുന്നത്. ദിവസം അഞ്ച് മുതൽ 20 വരെ മണിഓഡർ ലഭിക്കാറുണ്ടെന്ന് പോസ്റ്റോഫീസ് അധികൃതർ അറിയിച്ചു. കഴിഞ്ഞവർഷം ഇതേ കാലയളവിൽ 1,03,495 രൂപയായിരുന്നു ലഭിച്ചത്. രാവിലെ ഒൻപത് മണി മുതൽ നാലുവരെയാണ് സന്നിധാനത്ത് പോസ്റ്റോഫീസ് പ്രവർത്തിക്കുന്നത്. മണിഓഡർ അയയ്ക്കുന്നവരിൽ ഏറെയും അന്യസംസ്ഥാന ഭക്തരാണ്. ശബരിമലയിലെ പിൻകോഡായ 689713 എന്നതിലേക്ക് ഭക്തരിൽനിന്നും അയ്യപ്പസമക്ഷത്തിലേക്ക് നിരവധി കത്തു കളും ലഭിക്കാറുണ്ട്. ചില കത്തുകളിൽ അയ്യപ്പസന്നിധിയിൽ വായിക്കണമെന്ന അപേക്ഷയുമുണ്ട്. കത്തുകളിൽ കല്യാണം ശരിയാകണം, കുടുംബാംഗത്തിന്റെ മദ്യപാനം ഒഴിവാകണം, ജോലി ലഭിക്കണം തുടങ്ങിയ പ്രാർഥനകളും ഭക്തർ അയ്യനോട് അപേക്ഷിക്കാറുണ്ട്.

(പി.ആർ. ശബരി-239)

## ശുചീകരണ പ്രവർത്തനങ്ങൾക്ക് ഡ്യൂട്ടി മജിസ്ട്രേറ്റും

തങ്കഅങ്കി ഘോഷയാത്ര സന്നിധാനത്ത് എത്തുന്നതിന് മുമ്പായി പതിനെട്ടാംപടിയുടെ താഴെ ഇരുവശവും വൃത്തിയാക്കി കഴുകുന്ന പ്രവർത്തനത്തിൽ ഡ്യൂട്ടി മജിസ്ട്രേറ്റും സ്ക്വാഡ് അംഗങ്ങളും പങ്കാളികളായി. ഡ്യൂട്ടി മജിട്രേറ്റ് സി.ബിജുവിന്റെ നേതൃത്വത്തിലുള്ള 26അംഗ ടീമാണ് വിശുദ്ധി സേനാംഗങ്ങൾക്കൊപ്പം ശുചീകരണ പ്രവർത്തനത്തിൽ പങ്കാളിയായത്. പതിനെട്ടാം പടിയിയുടെ താഴെ ഇരുഭാഗത്തും ഉണ്ടായിരുന്ന തേങ്ങയുടെ ഉൾപ്പെടെയുള്ള മാലിന്യം നീക്കി കഴുകുന്ന പ്രവൃത്തി ഉച്ചക്ക് 12 മണിവരെ നടന്നു. എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് ടി.ഐ വിജയസേനനും മണിക്കൂറുകൾ നീണ്ട ശുചീകരണ പ്രവർത്തനത്തിൽ പങ്കാളിയായി.

(പി.ആർ. ശബരി-204)

## സത്രത്തിൽ നിന്ന് പ്രവേശനം രണ്ട് മണിവരെ മാത്രം

പുല്ലുമേട് വഴി സന്നിധാനത്തേക്ക് എത്തുന്ന പാതയുടെ തുടക്കമായ സത്രത്തിൽനിന്ന് തീർഥാകരെ ഉച്ചകഴിഞ്ഞ് രണ്ട് മണിവരെ മാത്രമേ കടത്തിവിടുകയുള്ളൂവെന്ന് വനം വ കുപ്പ് അധികൃതർ. രാവിലെ ഏഴു മുതലാണ് സത്രത്തിൽനിന്ന് തീർഥാടകരെ കടത്തിവിടുന്നത്. ഉച്ചകഴിഞ്ഞ് രണ്ട് മണിക്ക് ശേഷം സത്രത്തിൽ നിന്ന് യാത്ര തിരിച്ചാൽ സന്ധ്യക്ക് മുമ്പ് സന്നിധാനത്ത് എത്തില്ലയെന്നതാണ് യാത്ര നിയന്ത്രണത്തിനുള്ള പ്രധാന കാരണം. ദുർഘടമായ പാതയും വന്യ മൃഗ സാന്നിധ്യമുള്ള മേഖലകൂടിയായ സത്രത്തിൽ നിന്ന് സന്നിധാനത്തേക്ക് 12 കിലോമീറ്ററാണ് ദൂരം. സത്രം മുതൽ പുല്ല്മേട് വരെ ആറ് കിലോമീറ്ററും അവിടുന്ന് സന്നിധാനം വരെ ആറ് കിലോമീറ്ററുമാണ് ഉള്ളത്. മണ്ഡല മകര വിളക്ക് തീർഥാടന

കാലത്ത് മാത്രമാണ് ഭക്തർക്ക് ഈ പാതയിലൂടെ പ്രവേശനം അനുവദിച്ചിരിക്കുന്നത്. ശബരിമലയിലെ മാസപൂജ വേളകളിൽ തീർഥാടകരെ പുല്ലുമേടുവഴിയുള്ള പാതയിലൂടെ കടത്തിവിടാറില്ല.

(പി.ആർ. ശബരി-241)



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 26 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.sabarimal.kerala..gov.in, prdsabarimala2020@gmail.com

---

## *അയ്യന് തങ്ക അങ്കി ചാർത്തിയുള്ള മണ്ഡലപൂജ ഇന്ന്: ശബരിമല ഭക്തസാഗരം*

**** തങ്ക അങ്കിക്ക് ഭക്തിനിർഭരമായ സ്വീകരണം***

ഭക്തജനകോടികൾ കാത്തിരിക്കുന്ന, അയ്യന് തങ്ക അങ്കി ചാർത്തിക്കൊണ്ട് ശബരിമല മണ്ഡലമഹോത്സവത്തിന് സമാപനം കുറിക്കുന്ന മണ്ഡല പൂജയക്ക് ഇനി മണിക്കൂറുകൾ. അതിനു മുന്നോടിയായി ഭക്തിനിറഞ്ഞുനിന്ന അന്തരീക്ഷത്തിൽ ആറന്മുള പാർഥസാരഥി ക്ഷേത്രത്തിൽ നിന്നും ശബരിമല ധർമശാസ്താവിന് ചാർത്താനുള്ള തങ്ക അങ്കിയ്ക്ക് ഇന്നലെ സന്നിധാനത്ത് ദീപ്തമായ വരവേൽപ്പ് നൽകി. ഇന്ന് രാവിലെ 10-നും 11.40-നും ഇടയ്ക്കുള്ള കുംഭം രാശിയിലാണ് തങ്ക അങ്കി ചാർത്തിയുള്ള മണ്ഡലപൂജ നടക്കുക.

തങ്കഅങ്കി ഘോഷയാത്രയ്ക്ക് വൈകുന്നേരം ശരംകുത്തിയിൽ ആചാരപരമായി സ്വീകരണം നൽകി. എക്സിക്യൂട്ടീവ് ഓഫീസർ വി.എസ്. രാജേന്ദ്രപ്രസാദ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഓഫീസർ ജെ. ജയപ്രകാശ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എസ്. ശ്രീകുമാർ തുടങ്ങിയവർ സ്വീകരിച്ചു. പതിനെട്ടാംപടിയ്ക്കൽ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. എൻ. വാസു, ബോർഡംഗങ്ങളായ അഡ്വ. കെ.എസ്. രവി, അഡ്വ. എൻ. വിജയകുമാർ, ദേവസ്വം കമ്മീഷണർ ബി.എസ്. തിരുമേനി, ഡെപ്യൂട്ടി ദേവസ്വം

കമ്മീഷണർ സുധീഷ്കുമാർ, എക്സിക്യൂട്ടീവ് ഓഫീസർ വി.എസ്. രാജേന്ദ്രപ്രസാദ് തുടങ്ങിയവർ തങ്ക അങ്കിക്ക് സ്വീകരണം നൽകി. അഖിലഭാരതീയ അയ്യപ്പസേവാസംഘം സെക്രട്ടറി, തങ്ക അങ്കി ഘോഷയാത്ര സ്പെഷ്യൽ ഓഫീസർ എന്നിവരും ഘോഷയാത്രയിൽ ഒപ്പമുണ്ടായിരുന്നു.
ശ്രീകോവിലിന് മുൻപിൽ ക്ഷേത്രം തന്ത്രി കണ്ഠരര് മഹേഷ് മോഹനര്, മേൽശാന്തി അരീക്കര സുധീർനമ്പൂതിരി എന്നിവർ ചേർന്ന് തങ്ക അങ്കി ഏറ്റുവാങ്ങി. തുടർന്ന് തങ്കി അങ്കി ചാർത്തിയുള്ള മഹാദീപാരാധന നടന്നു.
ഇന്നലെ ഉച്ചയ്ക്ക് നടയടച്ചതിനു ശേഷം ഫയർഫോഴ്സും ദേവസ്വം ജീവനക്കാരും ചേർന്ന് തങ്കി അങ്കി ഘോഷയാത്രയെ സ്വീകരിക്കാനായി സന്നിധാനവും പതിനെട്ടാംപടിയും നടപ്പന്തലും കഴുകി വൃത്തിയാക്കി.
അയ്യപ്പഭക്തരുടെ ശരണംവിളികൾകൊണ്ട് മുഖരിതമായ അന്തരീക്ഷത്തിൽ കഴിഞ്ഞ 23-ന് ആറന്മുള പാർഥസാരഥി ക്ഷേത്രത്തിൽ നിന്നാണ് തങ്ക അങ്കി ഘോഷയാത്ര ആരംഭിച്ചത്. ശബരിമല ക്ഷേത്ര മാതൃകയിൽ തയാറാക്കിയ രഥത്തിലാണ് തങ്കഅങ്കി ആനയിച്ചത്. തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീചിത്തിര തിരുനാൾ ബാലരാമവർമയാണ് മണ്ഡലപൂജയ്ക്കു ചാർത്തുതിനുള്ള 450 പവൻ തൂക്കമുള്ള തങ്കഅങ്കി 1973-ൽ നടയ്ക്കുവച്ചത്. യാത്രാ വഴിയിലെ അമ്പതോളം ക്ഷേത്രങ്ങളിലെ സ്വീകരണം ഏറ്റുവാങ്ങിയാണ് തങ്കയങ്കി ഘോഷയാത്ര ശബരിമലയിൽ എത്തിയത്. ഘോഷയാത്രയിൽ ഉടനീളം നിറപറയും നിലവിളക്കുംവെച്ച് ഭക്തർ തങ്ക അങ്കിയെ വരവേറ്റു.
മണ്ഡലപൂജ ദിനമായ ഡിസംബർ 27-ന് പുലർച്ചെ മൂന്നിന് ക്ഷേത്രനട തുറക്കും. 3 .15 മുതൽ ഏഴ് വരെ നെയ്യഭിഷേകം. 7.30-ന് ഉഷപൂജ. എട്ട് മുതൽ 9.30 വരെ നെയ്യഭിഷേകം തുടരും. 10 മണിക്കും 11.40നും ഇടയ്ക്കുള്ള കുംഭം രാശിയിൽ തങ്ക അങ്കി ചാർത്തിയുള്ള മണ്ഡലപൂജ നടക്കും. ഉച്ചക്ക് ഒന്നിന് മണിക്ക് നട അടക്കും. വൈകുന്നേരം നാലിന് നട വീണ്ടും തുറക്കും. ദീപാരാധന വൈകുന്നേരം 6.30-ന്. അത്താഴപൂജ 9.30-ന്. രാത്രി 9.50 ന് ഹരിവരാസനം പാടി പൊന്നമ്പലത്തിൻ തിരുനട അടയ്ക്കും. ഇതോടെ 41 ദിവസം നീണ്ടു നിന്ന മണ്ഡലകാലത്തിനും പരിസമാപ്തിയാകും. മകരവിളക്ക് ഉത്സവത്തിനായി ക്ഷേത്ര തിരുനട ഡിസംബർ 30-ന് വൈകുന്നേരം അഞ്ചിന് തുറക്കും. 2020 ജനുവരി 15 നാണ് മകരവിളക്ക്.

(പി.ആർ. ശബരി-242)

## *സൂര്യഗ്രഹണം: ശബരിമല നട നാല് മണിക്കൂർ അടച്ചിട്ടു*

സൂര്യഗ്രഹണം കണക്കിലെടുത്ത് ധർമ്മശാസ്താ ക്ഷേത്ര നട നാല് മണിക്കൂർ അടച്ചിട്ടു. രാവിലെ 7.30 മുതൽ 11.30യാണ് ക്ഷേത്രനട അടച്ചത്. മാളികപ്പുറം, പമ്പ തുടങ്ങിയ ക്ഷേത്രങ്ങളിലും സൂര്യഗ്രഹണം മൂലം ഈ സമയം അടച്ചിട്ടിരുന്നു. സൂര്യഗ്രഹണം മൂലം നടയടക്കുന്നതും തങ്ക അങ്കി ഘോഷായാത്രയും കടന്നുവരുന്നതും കണക്കിലെടുത്ത് ഭക്തർക്ക് ദർശനത്തിന് നിയന്ത്രണമുണ്ടാകുമെന്ന് പൊലീസ് അറിയിച്ചിരുന്നെങ്കിലും കാര്യമായ നിയന്ത്രണങ്ങൾ ഉണ്ടായില്ല. ഇന്നലെ പുലർച്ചെ 3 മണിക്ക് നട തുറന്നു. നിർമാല്യ ദർശനവും നെയ്യഭിഷേകം കഴിഞ്ഞ് ഉഷപൂജ കഴിച്ച് 7.30 ന് തിരുനട അടച്ചു. രാവിലെ 8.06 മുതൽ 11.13 മണി വരെയായിരുന്നുസൂര്യഗ്രഹണം. ഗ്രഹണം കഴിഞ്ഞ് 11.30 ന് ക്ഷേത്രനട തുറന്നു. തുടർന്ന് പുണ്യാഹവും കലശാഭിഷേകവും നടന്നു. ശേഷം ഒരു മണിക്കൂർ സമയം നെയ്യഭിഷേകം നടത്തി.

കളഭകലശം എഴുന്നെള്ളത്തിനു ശേഷം കളഭാഭിഷേകം തുടർന്ന് ഉച്ചപൂജ. അതു കഴിഞ്ഞ് തിരുനട അടച്ചു. വൈകുന്നേരം ശ്രീകോവിൽ നട അഞ്ച് മണിക്ക് തുറന്നു. വൈകിട്ട് തങ്കഅങ്കി ചാർത്തി മഹാദീപാരാധന നടന്നു. രാത്രി അത്താഴപൂജയ്ക്കു ശേഷം ഹരിവരാസനം പാടി തിരുനട അടച്ചു.

(പി.ആർ. ശബരി-243)

## ഹൃദയാഘാതം മൂലം തീർഥാടകൻ മരിച്ചു

ശബരിമല സന്നിധാനം സർക്കാർ ആശുപത്രിയിൽ വച്ച് അയ്യപ്പഭക്തൻ ഹൃദയാഘാതം മൂലം മരിച്ചു. തമിഴ്നാട് കാഞ്ചീപുരം സ്വദേശി ശ്രീനിവാസൻ (67) ആണ് കഴിഞ്ഞദിവസം രാത്രി 12.30-ന് മരണപ്പെട്ടത്.

(പി.ആർ. ശബരി-244)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER 26 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-3


ഫോൺ : 04735-202664

www.sabarimal.kerala..gov.in, prdsabarimala2020@gmail.com


### *ശബരിമല നാളത്തെ(27ന്) ചടങ്ങുകൾ*

പുലർച്ചെ 3 മണിക്ക് നട തുറക്കൽ
3 .15 മുതൽ 7 മണി വരെ നെയ്യഭിഷേകം
7.30 ന് ഉഷപൂജ
8 മണി മുതൽ 9.30 വരെ നെയ്യഭിഷേകം തുടരും
10 മണിക്കും 11.40നും ഇടയ്ക്കുള്ള കുംഭം രാശിയിൽ തങ്ക അങ്കി ചാർത്തിയുള്ള മണ്ഡലപൂജ
ഉച്ചക്ക് 1 മണിക്ക് നട അടക്കൽ
വൈകുന്നേരം 4 മണിക്ക് നട തുറക്കൽ
വൈകുന്നേരം 6.30ന് ദീപാരാധന
9.30 ന് അത്താഴപൂജ
രാത്രി 9.50 ന് ഹരിവരാസനം പാടി 10 മണിക്ക് പൊന്നമ്പലത്തിൻ തിരുനട അടയ്ക്കും


